## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1617

21.01.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾക്ക് സമഗ്ര വികസന പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി.റ്റി.എ.റഹീം | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് എം.എസ്.ഡി.പി. പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ന്യൂനപക്ഷ കേന്ദ്രീകൃത പിന്നാക്ക ജില്ലകൾ കേന്ദ്രീകരിച്ച് നടത്തിയിരുന്ന എം.എസ്.ഡി.പി (മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം) പദ്ധതി പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് ബ്ലോക്ക്/ടൗൺ/വില്ലേജ് തലത്തിൽ നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ വയനാട് ജില്ല മുഴുവനായും ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലയായി കണക്കാക്കുകയും പദ്ധതികൾ നടപ്പാക്കുകയും ചെയ്തിരുന്നു. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ, പനമരം എന്നീ ബ്ലോക്കുകളെ ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളായി അംഗീകരിക്കുകയും പദ്ധതികൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും ടി പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) | ഇവ നടപ്പിൽ വരുത്തുന്നത് ഏതെല്ലാം ഏജൻസികൾ മുഖേനയാണെന്നും, അർഹതയുള്ള പ്രദേശങ്ങളുടെ തെരഞ്ഞെടുപ്പിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ? | ബി) | വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേനയും, ആരോഗ്യ മേഖലയിലെ പദ്ധതികൾ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേനയും, കുടിവെള്ള വിതരണ മേഖലയിലെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേനയുമാണ് നടപ്പാക്കുന്നത്. ചുരുങ്ങിയത് 25%-മെങ്കിലും ന്യൂനപക്ഷ ജനസംഖ്യയുള്ളതും ചുവടെ പറയുന്ന പിന്നാക്കാവസ്ഥാ സൂചകങ്ങൾ (Backwardness parameters) പ്രകാരം പിന്നോക്കമാണെന്ന് കണ്ടെത്തുകയും ചെയ്ത പ്രദേശങ്ങളെയാണ് എം.എസ്.ഡി.പി. യുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നത്.<br>**(എ). മത- സാമൂഹ്യ-സാമ്പത്തിക സൂചകങ്ങൾ**<br>(1). സാക്ഷരതാ നിരക്ക്, (2) വനിതാ സാക്ഷരതാ നിരക്ക്<br>(3). തൊഴിൽ പങ്കാളിത്ത നിരക്ക്. (4). വനിതാ തൊഴിൽ പങ്കാളിത്ത നിരക്ക്.<br>**(ബി). അടിസ്ഥാന സൗകര്യ സൂചകങ്ങൾ**<br>(1). 'pucca' ചുമരുകളുള്ള വീടുകളുടെ ശതമാനം.<br>(2). സുരക്ഷിത കുടിവെള്ള സൗകര്യമുള്ള വീടുകളുടെ ശതമാനം.<br>(3). വൈദ്യുതീകരിച്ച വീടുകളുടെ ശതമാനം.<br>(4). കക്കൂസുകൾ ഉള്ള വീടുകളുടെ ശതമാനം. |

സെക്ഷൻ ഓഫീസർ